**The Kerala State Civil Supplies Corporation Limited**
(A fully owned Government of Kerala undertaking)

P.B. No. 2030
Maveli Bhavan,
Maveli Road,
Gandhi Nagar,
Kochi-682 020
GSTIN: 32AAACK6767H1Z8

സർക്കുലർ നമ്പർ 11/2019

CIN:U52209KL1974SGC002615

എ22-4550/2019 തീയതി:- 21-02-2019

വിഷയം :-സപ്ലൈകോ - ഡിപ്പോകളിലും, വില്പനശാലകളിലും, NFSA ഗോഡൗണുകളിലും കയറ്റിറക്കു ജോലികൾ -ചുമട്ടു തൊഴിലാളികളെ ഏർപ്പെടുത്തുന്നത് - കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ് ൽ അംഗത്വമുള്ളവരെ മാത്രം നിയോഗിക്കുന്നതിനുള്ള നിർദ്ദേശം-സംബന്ധിച്ച് -

ചുമട്ടുതൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിനായി സർക്കാർ രൂപപ്പെടുത്തിയിട്ടുള്ളതാണ് കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്(KHLWWB). അച്ചടക്കം ഉറപ്പുവരുത്തുന്നതോടൊപ്പം പെൻഷൻ ഉൾപ്പെടെയുള്ള ചുമട്ടു തൊഴിലാളികളുടെ ക്ഷേമസംരക്ഷണവും ബോർഡ് അംഗത്വം ഉറപ്പാക്കുന്നു. KHLWWB ന്റെ അധികാരപരിധിയിലുള്ള സ്ഥലങ്ങളിലെ സപ്ലൈകോ സ്ഥാപനങ്ങളിൽ ബോർഡിൽ അംഗങ്ങളല്ലാത്ത ആളുകളെക്കൊണ്ട് ചുമട്ടു ജോലി ചെയ്യിക്കുന്നത് നിയമവിരുദ്ധവും തൊഴിലാളിവിരുദ്ധവുമാണ്. ബോർഡിൽ അംഗങ്ങളായിട്ടുള്ളവർക്ക് ESI, EPF, ഗ്രാറ്റുവിറ്റി, തൊഴിലിടങ്ങളിലെ അപകടങ്ങൾക്കുള്ള നഷ്ടപരിഹാരം, സാമ്പത്തിക സഹായം തുടങ്ങിയ എല്ലാ ക്ഷേമ കാര്യങ്ങളും KHLWWB- ന്റെ പൂർണ ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കുന്നതിനാൽ തൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിന് ബോർഡിന് കീഴിലായിരിക്കുന്നതാണ് ഏറ്റവും ഉത്തമം. ഡിപ്പോകളിലും ഗോഡൗണുകളിലും ആവശ്യത്തിനുള്ള ചുമട്ടുതൊഴിലാളികൾ ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശരിയാക്കുന്നതിനും ക്രമീകരിക്കുന്നതിനും ഇതുമൂലം സാധിക്കും.

ചില ഡിപ്പോകളിലും ഗോഡൗണുകളിലും ബോർഡിലേക്ക് അടയ്ക്കേണ്ട വിഹിതം ബോർഡിൽ അടയ്ക്കുന്നതിന് പകരം ലെവി ഉൾപ്പെടെ തൊഴിലാളികൾക്ക് നേരിട്ട് പണമായി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ക്രമവിരുദ്ധവും നിയമവിരുദ്ധവുമാണ്. ഇപ്രകാരം ചെയ്യുന്ന സപ്ലൈകോ ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്ക നടപടികൾ എടുക്കുന്നതും ഇപ്രകാരം വിതരണം ചെയ്യുന്ന ലെവി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതുമായിരിക്കും.

KHLWWB- ന്റെ പ്രവർത്തന പരിധിയിലുള്ള സപ്ലൈകോയുടെ ഡിപ്പോകളിലും NFSA ഗോഡൗണുകളിലും, വില്പനശാലകളിലും കയറ്റിറക്കു ജോലികൾക്കായി കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ് ൽ അംഗങ്ങളായുള്ള ചുമട്ടുതൊഴിലാളികളെ മാത്രമേ നിയോഗിക്കാവൂ എന്ന് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു. അല്ലാത്തപക്ഷം ഈ ഇനത്തിലുണ്ടാകുന്ന സാമ്പത്തിക ബാധ്യതയുടെ ഉത്തരവാദിത്തം അതാതു ഡിപ്പോ മാനേജർമാർക്കായിരിക്കും.

നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നതും ക്ഷേമ ബോർഡിൽ അംഗമല്ലാത്തതുമായ എല്ലാ ചുമട്ടു തൊഴിലാളികളും ക്ഷേമ ബോർഡിന് കീഴിലേക്ക് മാറേണ്ടതും മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്. പരിശോധനകൾക്കായി നിലവിൽ ഡിപ്പോകളിലും ഗോഡൗണുകളിലും ജോലിചെയ്തുകൊണ്ടിരിക്കുന്ന ചുമട്ടു തൊഴിലാളികളുടെ പൂർണവിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്

മേൽ നിർദ്ദേശങ്ങൾ 01.04.2019 മുതൽ കർക്കശമായി നടപ്പിലാക്കേണ്ടതാണ്

NFSA ഗോഡൗണിലുള്ള ചുമട്ടുതൊഴിലാളികളുമായും സപ്ലൈകോ ഡിപ്പോകളിലെയും വില്പനശാലകളിലെയും ചുമട്ടുതൊഴിലാളികളുമായും ബന്ധപ്പെട്ടകാര്യങ്ങളുടെ കേന്ദ്രകാര്യാലയത്തിലെ ഉത്തരവാദിത്വം യഥാക്രമം NFSA വിഭാഗത്തിനും മാർക്കറ്റിങ് വിഭാഗത്തിനുമായിരിക്കും.

(ഒപ്പ്)

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

//അംഗീകാരത്തോടെ//

അഡീഷണൽ ജനറൽ മാനേജർ (ഫിനാൻസ്)

പകർപ്പ് : എല്ലാ ഡിവിഷൻ മേധാവികൾക്കും, ലാ ഓഫീസർ,

എല്ലാ മേഖല മാനേജർമാർക്കും

എല്ലാ ഡിപ്പോ മാനേജർമാർക്കും

പി.എ.റ്റു സി.എം.ഡി., ജി.എം., വി.ഒ.